## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 961 — 14.06.2012ൽ മറുപടിയ്ക്ക്

### സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ 'സെ' പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ എസ്.എസ്.എൽ.സി പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ ഈ വർഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ എസ്.എസ്.എൽ.സി പരീക്ഷയായ ടി.എച്ച്.എസ്.എൽ.സി മാർച്ച് 2011-ലെ പരീക്ഷയുടെ ഉത്തരക്കടലാസിന്റെ മൂല്യനിർണ്ണയം ഏപ്രിൽ 1 മുതൽ 20 വരെയുള്ള തീയതികളിൽ നടത്തി പൂർത്തീകരിച്ച് ഫലപ്രസിദ്ധീകരണം 26.04.2012-ന് തന്നെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ എസ്.എസ്.എൽ.സി പരീക്ഷാഫലത്തോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി) എസ്.എസ്.എൽ.സി 'സെ' പരീക്ഷാഫലത്തിനൊപ്പം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ 'സെ' പരീക്ഷാഫലവും പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് | ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ടി.എച്ച്.എസ്.എൽ.സി 'സെ' പരീക്ഷാഫലം 02.06.2012-ൽ ആണ് പ്രസിദ്ധീകരിച്ചത്. എസ്.എസ്.എൽ.സി 'സെ'പരീക്ഷയുടെ ഫലപ്രസിദ്ധീകരണം 29.05.2012- |

| | |
|---|---|
| കാരണം വ്യക്തമാക്കുമോ; ഇതൊഴിവാക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ? | ൽ നടത്തുന്നതോടനുബന്ധിച്ച ജോലികൾ കമ്പ്യൂട്ടർ വിഭാഗത്തിൽ നടന്നിരുന്നതിനാലാണ് ടി.എച്ച്.എസ്.എൽ.സി 'സെ' പരീക്ഷാ ഫലപ്രസിദ്ധീകരണം 02.06.2012-ലേയ്ക്ക് മാറ്റേണ്ടിവന്നത്. വരും വർഷങ്ങളിൽ എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി 'സെ' പരീക്ഷാഫലങ്ങൾ ഒരുമിച്ച പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ